"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- പത്തനംതിട്ട ജില്ല- റാന്നി പഴവങ്ങാടി ഗ്രാമപഞ്ചായത്തിൽ ശ്രീ. വി. എ എബ്രഹാം എന്നവരുടെ ഉടമസ്ഥതയിലുള്ള തടി മില്ലിന് കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഇളവനുവദിച്ച് ക്രമവൽക്കരിക്കുന്നതിന് അനുമതി നൽകി - ഉത്തരവു പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ആർ.എ) വകുപ്പ്

സ.ഉ.(സാധാ) നം.873/2024/LSGD തീയതി,തിരുവനന്തപുരം, 21-05-2024

പരാമർശം:-

1. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 19.06.2023 തിയതിയിലെ LSGD/PD/26332/2023-AR1 നമ്പർ കത്ത്
2. ശ്രീ. വി. എ എബ്രഹാം സമർപ്പിച്ച 21.07.2023 തിയതിയിലെ അപേക്ഷ.
3. പത്തനംതിട്ട ജില്ലാ ജോയിന്റ് ഡയറക്ടറുടെ 12.01.2024 തിയതിയിലെ LSGD/JD/PTA/4759/2023-B10 നമ്പർ കത്ത്.
4. പത്തനംതിട്ട ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജരുടെ 10.01.2024 തിയതിയിലെ DICPTA/971/2023-R നമ്പർ കത്ത്.

**ഉത്തരവ്**

പത്തനംതിട്ട ജില്ലയിൽ റാന്നി പഴവങ്ങാടി ഗ്രാമപഞ്ചായത്തിൽ ശ്രീ. വി. എ എബ്രഹാം എന്നയാളുടെ ഉടമസ്ഥതയിലുള്ള തടി മില്ലിന് കെട്ടിട നമ്പർ അനുവദിക്കണമെന്ന ടിയാളുടെ പരാമർശം(2) പ്രകാരമുള്ള അപേക്ഷ, പരാമർശം(1) പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ലഭ്യമാക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പൊതു ആവശ്യത്തിനായി PWD റോഡ് വികസിപ്പിച്ചതിനേതുടർന്നാണ് 60 വർഷത്തിലേറെയായി പ്രവർത്തിച്ച് വന്ന സ്ഥാപനം മാറ്റേണ്ടി വന്നത് എന്ന വസ്തുത പരിഗണിച്ചും പരാമർശം (1), (3) പ്രകാരമുള്ള റിപ്പോർട്ടുകളിൽ, പഞ്ചായത്തിന്റെ ഭാഗത്തുനിന്നും കെട്ടിട നിർമ്മാണ അനുമതി നൽകിയ വേളയിൽ ഒക്കുപ്പൻസി കാറ്റഗറി കൃത്യമായി മനസ്സിലാക്കുന്നതിൽ സംഭവിച്ച വീഴ്ചയാണ് പ്രസ്തുത പ്രശ്നമുടലെടുക്കാൻ പ്രധാന കാരണമെന്ന് രേഖപ്പെടുത്തിയിട്ടുള്ള സാഹചര്യത്തിലും പുനലൂർ - മൂവാറ്റുപുഴ ദേശീയ പാത വികസനത്തിന് കുറഞ്ഞത് പത്തു വർഷം മുമ്പ് തന്നെ തടി മിൽ പ്രവർത്തിച്ചു വന്നിരുന്നതായി ബോധ്യപ്പെട്ടിട്ടുള്ളതിനാലും, സംരംഭകന്റേതല്ലാത്ത കാരണം കൊണ്ട് 3 വർഷത്തിലേറെയായി പ്രതിസന്ധി നിലനിൽക്കുന്നതിനാൽ ഈ വിഷയം ഒരു പ്രത്യേക കേസായി പരിഗണിച്ച് നിലവിലുള്ള കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഇളവുകൾ നൽകി തടി മില്ല് പ്രവർത്തിച്ചു വരുന്ന കെട്ടിട നിർമ്മാണം ക്രമവൽക്കരിക്കുന്നതിനും സ്ഥാപനത്തിന് പ്രവർത്തന അനുമതി നൽകുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനായി റാന്നി പഴവങ്ങാടി ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
H MUHAMMED FAISAL
ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്), തിരുവനന്തപുരം
ജില്ലാ ജോയിന്റ് ഡയറക്ടർ, പത്തനംതിട്ട
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/ എ&ഇ)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ്&ന്യൂ മീഡിയ) (ഗവ.വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

Signed by

Shini Pereira. V

Date: 22-05-2024 11:41:24

സെക്ഷൻ ഓഫീസർ